"ഭരണഭാഷ - മാതൃഭാഷ"

നം.ഐസിഡിഎസ്/എ2-1749/13

സാമൂഹ്യ നീതി ഡയറക്ടറേറ്റ് (അനക്സ്),
സാമൂഹ്യക്ഷേമ ഭവൻ,പൂജപ്പുര,തിരുവനന്തപുരം.
ഫോൺ : 0471-2346508 ഫാക്സ് : 0471-2346534
ഇ-മെയിൽ swdicds@gmail.com
തീയതി : 13-3-2017

സാമൂഹ്യനീതി ഡയറക്ടർ.

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.

സർ,

വിഷയം : സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി --വെബ് ബെയ്സ്ഡ് RRS സോഫ്റ്റ്‌വെയറിൽ അപ്പ്ഡേഷൻ പ്രവർത്തനങ്ങൾ നടത്തുന്നത് - സംബന്ധിച്ച്.

സൂചന : സർക്കാരിന്റെ 5-1-2017 തീയതിയിലെ B1/282/2016/sjd/ നമ്പർ കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സംയോജിത ശിശു വികസന സേവന പദ്ധതിയുമായി ബന്ധപ്പെട്ട പ്രതിമാസ പുരോഗതി റിപ്പോർട്ടുകളും വാർഷിക സ്ഥിതി വിവരങ്ങളും അപ്‌ലോഡ് ചെയ്യുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള RRS സോഫ്റ്റ്‌വെയറിൽ സബ്ഡിസ്ട്രിക് (താലൂക്ക്) അപ്ഡേഷനും വില്ലേജ് (പഞ്ചായത്ത്) അപ്ഡേഷനും നടത്തുന്നതിനായി സൂചന പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ താലൂക്ക് അപഡേഷൻ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ പൂർത്തികരിച്ചിട്ടുണ്ട്. രണ്ടാംഘട്ട പ്രവർത്തനമായ വില്ലേജ് അപ്ഡേഷൻ ശിശു വികസന പദ്ധതി ഓഫീസർ തലത്തിൽ പൂർത്തീകരിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ എല്ലാ കിഴ്ക്കാര്യാലയ മേധാവികൾക്കും നൽകേണ്ടതാണ്.

വില്ലേജ് അപ്ഡേഷനുമായി ബന്ധപ്പെട്ട് CDPO-മാർ അവലംബിക്കേണ്ട പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

Step-1: CDPOമാർ അവരവരുടെ യൂസർ IDയും പാസ്‌വേർഡും ഉപയോഗിച്ച് വെബ്സൈറ്റ് ലോഗിൻ ചെയ്യുക.

Step 2 : LHS Menu board-ലെ വില്ലേജ് അപ്ഡേഷൻ ക്ലിക്ക് ചെയ്യുക.

Step 3 : തുടർന്ന് ലഭ്യമാകുന്ന Anganwadi village Mapping-ൽ click for Mapping



PDF processed with CutePDF evaluation edition www.CutePDF.com

Status എന്നത് ക്ലിക്ക് ചെയ്യുക.

Step 4 : തുടർന്ന് ലഭ്യമാകുന്ന അങ്കണവാടി കോഡ് അങ്കണവാടി നെയിം, Map details എന്ന പട്ടികയിൽ ഓരോ അങ്കണവാടിയുടേയും നേർക്കുള്ള Maping details-ൽ ക്ലിക്ക് ചെയ്യുക.

Step 5 : തുടർന്ന് ലഭ്യമാകുന്ന വിവരങ്ങളിൽ Rural/Urban ഏതാണെന്ന് തെരഞ്ഞെടുക്കുക. അതോടൊപ്പമുള്ള വില്ലേജ് (പഞ്ചായത്ത്) പട്ടികയിൽ നിന്നും ടി അങ്കണവാടി ഉൾപ്പെടുന്ന പഞ്ചായത്ത് തെരഞ്ഞെടുത്ത് Save button click ചെയ്യുക.

ഇപ്രകാരം മുഴുവൻ അങ്കണവാടികളുടേയും വില്ലേജ് (പഞ്ചായത്ത്) അപ്ഡേഷൻ നടത്തേണ്ടതാണ്. ഓരോ ശിശു വികസന പദ്ധതി ഓഫീസർമാരും അവരവരുടെ പ്രോജക്ട് പരിധിയിലുള്ള മുഴുവൻ അങ്കണവാടികളുടേയും വില്ലേജ് (പഞ്ചായത്ത്) അപ്ഡേഷൻ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തീകരിച്ച് പ്രോഗ്രാം ഓഫീസർമാർക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതും പ്രോഗ്രാം ഓഫീസർമാർ ക്രോഡീകരിച്ച് റിപ്പോർട്ട് 25-3-2017-ന് മുൻപ് ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

സാമൂഹ്യനീതിഡയറക്ടർക്കുവേണ്ടി.

പകർപ്പ് : എല്ലാ CDPO മാർക്കും.

ജികെ/ 13-3-17